## VIJNANABHAVAN - KOTHAMANGALAM

### SECOND SEMESTER EXAMINATION 2024 - 2025

**Std VII** Time : 2 hrs.
05.04.2025 Marks : 70

Name ........................................................................................

ID No .......................................................................................

House Name ...........................................................................

Division ...................................................................................

Parish .......................................................................................

| Written Exam | |
|---|---|
| 70 | |
| **Viva Exam** | |
| 20 | |
| **Total Marks** | |
| 90 | |

**ശരിയായ ഉത്തരത്തിന് ☑ ചിഹ്നം രേഖപ്പെടുത്തുക.** (10 x 1 = 10)

1 ഓരോരുത്തർക്കും അവകാശപ്പെട്ടത് നൽകാൻ ഒരുവനെ പ്രേരിപ്പിക്കുന്ന പുണ്യമാണ്
☐ സത്യം ☐ നീതി ☐ സ്നേഹം

2 ഞാൻ ലോകത്തിലേക്ക് വന്നത് സത്യത്തിന് സാക്ഷ്യം വഹിക്കാനാണെന്ന് ഈശോ പറഞ്ഞത്
☐ പത്രോസിനോട് ☐ പീലാത്തോസിനോട് ☐ കയ്യപ്പാസിനോട്

3 ദാമ്പത്യജീവിതത്തിലെ അവിശ്വസ്തത വളരെ ഗൗരവമേറിയ തിന്മയായിട്ട് കരുതിയിരുന്ന ജനമാണ്.
☐ യഹൂദർ ☐ ഫിലിസ്ത്യർ ☐ റോമാക്കാർ

4 സമ്പത്ത് സമാഹരിക്കുന്നതിനുള്ള അതിരുകടന്ന ആഗ്രഹമാണ്.
☐ ചൂഷണം ☐ വഞ്ചന ☐ ദ്രവ്യാസക്തി

5 ജീവിതത്തിന് ആവശ്യകമായി ദൈവം തന്നിട്ടുള്ള ദാനങ്ങളിൽ സന്തോഷം കണ്ടെത്തുകയും തനിക്കില്ലാത്തതിനെക്കുറിച്ച് ദുഃഖിക്കാതിരിക്കുകയും ചെയ്യുന്ന മനസ്സിന്റെ അവസ്ഥയാണ്.
☐ സംതൃപ്തി ☐ ഔദാര്യം ☐ മിതവ്യയം

6 'കൊതി' എന്ന മൂലപാപത്തിനെതിരായ പുണ്യമാണ്.
☐ അടക്കം ☐ ക്ഷമ ☐ മിതഭോജനം

7 എല്ലാ കല്പനകളെയും വിശദീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്ത ഈശോ അവയെല്ലാം ഒറ്റ കല്പനയിൽ ഒതുക്കി നിർത്തി.
☐ സ്നേഹം ☐ സേവനം ☐ സഹനം

8 പഴയ നിയമത്തിൽ ലഭിച്ച പ്രമാണങ്ങൾ ഈശോ വ്യാഖ്യാനിക്കുകയും പൂർണ്ണമാക്കുകയും ചെയ്തത്
☐ പ്രവൃത്തികളിൽ ☐ പുതിയനിയമത്തിൽ ☐ പ്രവാചകരിൽ

9 ദൈവത്തിന്റെ വാഗ്ദാനം ആദ്യം സ്വീകരിച്ച പൂർവ്വ പിതാവാണ്
☐ അബ്രാഹം ☐ ഇസഹാക്ക് ☐ യാക്കോബ്

10 ഈശോയെ നിത്യപുരോഹിതനായി അവതരിപ്പിക്കുന്ന ലേഖനമാണ്
☐ വെളിപാട് ☐ ഹെബ്രായർ ☐ യോഹന്നാൻ

**ഒരു വാക്കിൽ ഉത്തരമെഴുതുക.** (5 x 2 = 10)

11 ഏറ്റവും ദൈർഘ്യമേറിയ സുവിശേഷം ഏതാണ്?

12 യാക്കോബിന്റെ ഇളയപുത്രൻ ആരായിരുന്നു?

13 ഇസ്രായേൽക്കാരുടെ ആദ്യത്തെ രാജാവ് ആരായിരുന്നു?

14 രൂപതാ മതബോധന കേന്ദ്രത്തിന്റെ പേര് എന്താണ്?

15 വത്തിക്കാന്റെ ഔദ്യോഗിക പത്രം.

**ചേർത്തെഴുതുക.** (5 x 1 = 5)

| | A | | B |
|---|---|---|---|
| 16 | മനഃസാക്ഷി | ........................................ | മിറിയം |
| 17 | അന്ത്യവിധി | ........................................ | ഹൃദയം |
| 18 | ഏലിയ | ........................................ | സഹോദര സ്നേഹം |
| 19 | വെളിപാട് | ........................................ | ആഹാബ് |
| 20 | മോശ | ........................................ | മുറിവേറ്റ കുഞ്ഞാട് |

**വചനം പൂർത്തിയാക്കുക.** (3 x 3 = 9)

21 "എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ........................................

........................................ പ്രവേശിക്കുക" (മത്താ. 7:21).

22 "നിർമ്മല മനഃസാക്ഷിയോടുകൂടെ ........................................

........................................ സൂക്ഷിക്കുന്നവരാകണം നിങ്ങൾ" (1 തിമോ. 3:9).

23 "നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ ........................................

........................................ എല്ലാവരും അറിയും" (യോഹ. 13:35).

**മൂന്നോ നാലോ വാചകത്തിൽ ഉത്തരമെഴുതുക.** (4 x 4 = 16)

24 ഒരു യഥാർത്ഥ ക്രിസ്തു ശിഷ്യനാകാൻ നാം എന്താണ് ചെയ്യേണ്ടത്?

25 നന്മ ചെയ്യാനും തിന്മ ഉപേക്ഷിക്കാനും നമ്മെ പ്രേരിപ്പിക്കുന്ന മനഃസാക്ഷി ലഭിക്കുന്നതിനു വേണ്ടിയുള്ള സ്വയം പ്രേരിത പ്രാർത്ഥന തയ്യാറാക്കുക.

26 തിരുസഭയുടെ കല്പനകൾ നമ്മുടെ ആത്മീയ വളർച്ചയെ എങ്ങനെ സഹായിക്കുമെന്ന് വ്യക്തമാക്കുക.

27 കള്ളം പറഞ്ഞതുകൊണ്ട് നിങ്ങൾക്കുണ്ടാകുന്ന മാനസിക വിഷമതകൾ ഭാവനയിൽ എഴുതി തയ്യാറാക്കുക.

**ഉത്തരം എഴുതുക.** (4 x 5 = 20)

28 ദൈവത്തിന്റെ ലക്ഷണങ്ങൾ എത്ര? ഏതെല്ലാം?

29 ജപമാലയുടെ സന്തോഷത്തിന്റെ ദിവ്യരഹസ്യത്തിലെ 4-ാമത്തെയും 5-ാമത്തെയും രഹസ്യങ്ങൾ എഴുതുക.

30 പഴയനിയമത്തിൽ മോശയുടെ സ്ഥാനം വളരെ വലുതാണ്. മോശയെക്കുറിച്ച് നിങ്ങൾക്കറിയാവുന്ന ഏതാനും കാര്യങ്ങൾ എഴുതി തയ്യാറാക്കുക.

31 വെളിപാട് പുസ്തകത്തിന്റെ സവിശേഷത എന്തൊക്കെയാണ്?